**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 194** **01-02-2023 - ൽ മറുപടിയ്ക്ക്**

**നർക്കിലക്കാട് പ്രൈമറി ഹെൽത്ത് സെന്റർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ മലയോര കുടിയേറ്റ മേഖലയിലെ പ്രധാന ആതുരാലയമായ നർക്കിലക്കാട് പ്രൈമറി ഹെൽത്ത് സെന്റർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്താൻ നടപടി സ്വീകരിക്കുമോ; | (എ) | **കാസർഗോഡ് ജില്ലയിലെ നർക്കിലക്കാട് പ്രൈമറി ഹെൽത്ത് സെന്ററിനെ ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യകേന്ദ്രമായി പരിവർത്തനം ചെയ്യുകയും ഒരു സ്റ്റാഫ് നഴ്സിന്റെ അധിക തസ്തിക സൃഷ്ടിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമായി പ്രവർത്തിച്ചുവരുകയും ചെയ്യുന്നു.** |
| (ബി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരും പിന്നാക്ക വിഭാഗത്തിൽപ്പെട്ടവരും താമസിക്കുന്ന പ്രസ്തുത പ്രദേശത്ത് കിടത്തി ചികിത്സ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) | ആർദ്രം മാനദണ്ഡ പ്രകാരം കുടുംബാരോഗ്യകേന്ദ്രങ്ങളിൽ കിടത്തി ചികിത്സ വിഭാവനം ചെയ്യുന്നില്ല. |

സെക്ഷൻ ഓഫീസർ